اتّحاد الأولاد السنيّين لعموم كيرالا

# SAMASTHA KERALA SUNNI BALA VEDHI

സമസ്താലയം, ചേളാരി, പി.ഒ. തേഞ്ഞിപ്പലം, മലപ്പുറം - 673 636. ഫോൺ: 8714608987, 0494 2400530, 2400749

website: www.sksbvstate.com, Email: sksbvstate@gmail.com

---

24-11-22

***സുന്നി ബാലവേദി സംസ്ഥാന കമ്മിറ്റിയിൽ നിന്ന് ജില്ലാ,റെയ്ഞ്ച് ജംഇയ്യത്തുൽ മുഅല്ലിമീൻ,ജില്ലാ,റെയ്ഞ്ച് സുന്നി ബാലവേദി എന്നിവയുടെ ഭാരവാഹികളെ അറിയിക്കുന്നത്.***

മാന്യരെ, **السلام عليكم**

ക്ഷേമവും ഐശ്വര്യവും നേരുന്നു. നാഥൻ അനുഗ്രഹിക്കട്ടെ. നമ്മുടെ കർമങ്ങൾ സ്വീകരിക്കട്ടെ-ആമീൻ

## ജ്ഞാനതീരം സീസൺ 7

സമസ്ത കേരള സുന്നിബാല വേദി സംസ്ഥാന കമ്മിറ്റി കുരുന്നുകളിലെ വിജ്ഞാനം പരിപോഷിപ്പിക്കുന്നതിനായി സംഘടിപ്പിക്കുന്ന ജ്ഞാനതീരം സീസൺ 7 റെയ്ഞ്ച് തല പരീക്ഷയുടെ നടത്തിപ്പ് രീതിയെക്കുറിച്ച് താഴെ വിവരിക്കുന്നു.

### റെയ്ഞ്ച് തല പരീക്ഷാ നടത്തിപ്പ് രീതി

* 2022 ഡിസംബർ 25ന് രാവിലെ 10.00 മണി മുതൽ ഉച്ചക്ക് 12.00 മണി വരെ റെയ്ഞ്ച് തല പരീക്ഷകൾ തിരഞ്ഞെടുത്ത പരീക്ഷാ കേന്ദ്രത്തിൽ വെച്ച് സംഘടിപ്പിക്കേണ്ടതാണ്.

* റെയ്ഞ്ച് തലങ്ങളിൽ എക്സാം കൺട്രോൾ ബോർഡിന്റെ ചുമതല റെയ്ഞ്ച് പ്രസിഡണ്ട്,റെയ്ഞ്ച് സെക്രട്ടറി,റെയ്ഞ്ച് പരീക്ഷാ ബോർഡ് ചെയർമാൻ, SKSBV ചെയർമാൻ,SKSBVകൺവീനർ എന്നീ 5 അംഗ സമിതിയിൽ നിക്ഷിപ്തമായിരിക്കും.പരീക്ഷാ കോ-ഓർഡിനേഷൻ ചുമതല റെയ്ഞ്ച് സെക്രട്ടറിക്കായിരിക്കും.

* ഓരോ മദ്റസാ യൂണിറ്റുകളിൽ നിന്നും 75%(49)മാർക്ക് നേടിയ വിദ്യാർത്ഥികളെ മാത്രമേ റെയ്ഞ്ച് തല മത്സരത്തിൽ പങ്കെടുപ്പിക്കാൻ പാടുള്ളൂ.ഓരോ യൂണിറ്റിൽ നിന്നും 75%(49)മാർക്ക് നേടിയിട്ടുള്ള 5 വിദ്യാർത്ഥികളുടെ ഉത്തരപ്പേപ്പറുകൾ റെയ്ഞ്ച് സെക്രട്ടറി ഏറ്റു വാങ്ങേണ്ടതാണ്.

* റെയ്ഞ്ച് തല പരീക്ഷയിൽ ആകെ 50 ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.ഓരോ ചോദ്യങ്ങൾക്കും ഓരോ മാർക്ക് വീതം നൽകേണ്ടതാണ്.

മറുപുറം

✂ - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

റെയ്ഞ്ചിന്റെ പേര്..............................................................അംഗീകരണ നമ്പർ.........................

ആകെ പരീക്ഷയിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ എണ്ണം................................

ജില്ലാ തല മത്സരത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ പേര്

1..............................................................................................................................ക്ലാസ്.................മാർക്ക്.............................

2..............................................................................................................................ക്ലാസ്.................മാർക്ക്.............................

റെയ്ഞ്ച് സെക്രട്ടറിയുടെ പേര്...................................................................................................................................

ഫോൺ നമ്പർ..................................................................ഒപ്പ്............................................സീൽ..........................................

* റെയ്ഞ്ച് തല പരീക്ഷയിൽ കുട്ടികൾക്ക് അനുവദിക്കപ്പെട്ട പരമാവധി സമയം 2 മണിക്കൂറാകുന്നു.

* റെയ്ഞ്ച് തലങ്ങളിലെ പരീക്ഷക്ക് ശേഷം അതാതുറൈഞ്ചുകളിൽ തന്നെ മൂല്യ നിർണ്ണയം നടത്തി 2022 ഡിസംബർ 30 നുള്ളിൽ റിസൾട്ട് പ്രഖ്യാപിക്കേണ്ടതാണ്.

* റെയ്ഞ്ച് തല പരീക്ഷയിൽ 60%(30)മാർക്ക് നേടിയിട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും ആകർഷകമായ സമ്മാനങ്ങൾ നൽകേണ്ടതാണ്.

* റെയ്ഞ്ച് തല പരീക്ഷയുടെ 60%(30)മാർക്കിന് മുകളിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ 2 വിദ്യാർത്ഥികളുടെ വാല്യുവേഷൻ പേപ്പറും പേരു വിവരങ്ങളും ജില്ലാതല മത്സരത്തിന് ജില്ലാ കമ്മിറ്റിക്ക് കൈമാറേണ്ടതാണ്.

* .ജില്ലയിലെ റെയ്ഞ്ചുകളുടെ ക്വാട്ടയനുസരിച്ച് (ഒരുറെയ്ഞ്ച് = 2 കുട്ടികൾ ആനുപാതികമായി)ജില്ലാ കമ്മിറ്റിയിൽ ലഭ്യമായിട്ടുള്ള റെയ്ഞ്ച് തല റിസൾട്ടിൽ നിന്നും 60% ന് മുകളിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ വിദ്യാർത്ഥികൾ മാത്രമാണ് ജില്ലാ തല മത്സരത്തിന് യോഗ്യത നേടുന്നത്.

**ഉദാഹരണം : ഒരു ജില്ലയിൽ 5 റൈഞ്ചിന് 5 X 2 = 10 കുട്ടികൾ എന്ന നിലയിലായിരിക്കും.**

**NB: ജില്ലാതലത്തിൽ ഒരു റെയ്ഞ്ചിൽ തന്നെയുള്ള 10 കുട്ടികളാണ് ഏറ്റവും കൂടുതൽ മാർക്ക് നേടിയതെങ്കിൽ ആ കുട്ടികൾ മാത്രമായിരിക്കും ജില്ലാ തല മത്സരത്തിന് യോഗ്യത നേടുന്നത്.റെയ്ഞ്ച് തല റിസൾട്ടുകൾ പരിശോധിച്ച ശേഷം ജില്ലാ തല മത്സരത്തിൽ പങ്കെടുക്കേണ്ട കുട്ടികളുടെ വിവരങ്ങൾ ജില്ലാ കമ്മിറ്റി പ്രഖ്യാപിക്കുന്നതാണ്.**

* ഓരോ ജില്ലയിലെയും റെയ്ഞ്ചുകളുടെ എണ്ണത്തിലുണ്ടാവുന്ന വ്യത്യാസമനുസരിച്ച് പങ്കെടുക്കുന്ന കുട്ടികളിലെ എണ്ണത്തിനും മാറ്റമുണ്ടാവുന്നതാണ്.

* റെയ്ഞ്ച് തല പരീക്ഷയുടെ 60%(30)മാർക്കിന് മുകളിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ 2 വിദ്യാർത്ഥികളുടെ പേരുവിവരങ്ങൾ നൽകുന്നതിനാവശ്യമായ ഭാഗം സർക്കുലറിന്റെ ആദ്യപേജിൽ നൽകിയിട്ടുണ്ട്.ആ ഭാഗം കൃത്യമായി പൂരിപ്പിച്ച് മുറിച്ചെടുത്ത് ഉത്തരപേപ്പറിനോടൊപ്പം ജില്ലാ കമ്മിറ്റിക്ക് കൈമാറേണ്ടതാണ്.

**എന്ന്**

SKSBV SAMASTHALAYAM P.O. Thenhipalam PIN - 673 636 CHELARI

**ശാഫി ദ്വാരക**
**ജന. സെക്രട്ടറി (ഒപ്പ്)**
**SKSBV സംസ്ഥാന കമ്മിറ്റി**